# കേരള സർവകലാശാല

നം.പി.ആർ.218/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.ബി.എസ് പരീക്ഷ

കേരള സർവകലാശാല ഡിസംബർ 14-ന് തുടങ്ങുന്ന മൂന്നാം വർഷ എം.ബി.ബി.എസ് (പാർട്ട് ഒന്ന്) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 21 (50 രൂപ പിഴയോടെ നവംബർ 23, 250 രൂപ പിഴയോടെ നവംബർ 25) വരെ അപേക്ഷിക്കാം.

### എൽ.എൽ.ബി മേഴ്സി ചാൻസ്

കേരള സർവകലാശാല നവംബർ 21-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ (ത്രിവത്സരം), എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) മേഴ്സി ചാൻസ്, 2011-12 ന് മുമ്പുള്ള അഡ്മിഷൻ എൽ.എൽ.ബി പരീക്ഷകൾ മാറ്റി. പ്രസ്തുത പരീക്ഷകൾ നവംബർ 28-ന് തുടങ്ങും.

### എം.എച്ച്.ആർ.എം ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഡിസംബറിൽ നടത്തുന്ന രണ്ടാം വർഷ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് പരീക്ഷയുടേയും 2017 ജനുവരിയിൽ നടത്തുന്ന ഒന്നാം വർഷ പരീക്ഷയുടെയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സീറ്റൊഴിവ്

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് പഠനവകുപ്പിൽ എസ്.സി വിഭാഗത്തിൽ ഒരു സീറ്റും, സംസ്കൃതം പഠനവകുപ്പിൽ എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റുകൾ വീതവും ഒഴിവുണ്ട്. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ നവംബർ 23 രാവിലെ 10.30-ന് അതത് പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

### സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന്റെ ആഗസ്റ്റിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. യു.എസ് ഉദയചന്ദ്രൻ തമ്പി (രജി.നം 10501) ഒന്നാം റാങ്ക് നേടി.

### യോഗ ആൻഡ് മെഡിറ്റേഷൻ പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിൻ (ഈവനിംഗ് ബാച്ച്) പരീക്ഷകൾ ഡിസംബർ എട്ട്, ഒമ്പത് തീയതികളിൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ വച്ച് നടത്തും. പരീക്ഷാഫീസ് 570 രൂപ. പിഴകൂടാതെ നവംബർ 24 (50 രൂപ പിഴയോടെ നവംബർ 27, 250 രൂപ പിഴയോടെ ഡിസംബർ രണ്ട്) വരെ ഫീസ് അടയ്ക്കാം. ഫോൺ. 0471-2302523

## പി.ജി ഡിപ്ലോമ ഇൻ മെഡിക്കൽ ലോ (ഈവനിംഗ് കോഴ്സ്)

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പിലെ ഡോ. ബി. ആർ അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ എത്തിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ട് മാസം ദൈർഘ്യമുള്ള ഈവനിംഗ് കോഴ്സിന് 5000/- രൂപയാണ് ഫീസ്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും ഫീസും സഹിതം നവംബർ 25 ഉച്ചയ്ക്ക് രണ്ട് മണിക്ക് നിയമപഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308936.

## എം.ഫിൽ മലയാളം വൈവ

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ മലയാളം (യൂണിവേഴ്സിറ്റി കോളേജ്) വൈവ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ മലയാളം പഠനവകുപ്പിൽ വച്ച് നവംബർ 23-ന് നടത്തും. ടൈംടെബിൾ വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - റഗുലർ) പരീക്ഷയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 26 (50 രൂപ പിഴയോടെ നവംബർ 29, 250 രൂപ പിഴയോടെ നവംബർ 30) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല നവംബർ/ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ്) പരീക്ഷയുടെയും അഞ്ചാം സെമസ്റ്ററിൽ വരുന്ന മൂന്നാം സെമസ്റ്റർ (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ്) പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ പരീക്ഷ

കേരള സർവകലാശാല ഡിസംബർ 16-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) (2015 സ്കീം - ദ്വിവത്സര പ്രോഗ്രാം) പരീക്ഷയ്ക്കും രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ) (2013 സ്കീം - ഒരു വർഷ പ്രോഗ്രാം - സപ്ലിമെന്ററി) പരീക്ഷയ്ക്കും പിഴകൂടാതെ നവംബർ 22 (50 രൂപ പിഴയൊടെ നവംബർ 24, 250 രൂപ പിഴയോടെ നവംബർ 26 വരെയും ഫീസ് അടച്ച് അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നവംബർ/ ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - റഗുലർ) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 26 (50 രൂപ പിഴയോടെ നവംബർ 29, 250 രൂപ പിഴയോടെ നവംബർ 30) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യോഗ സർട്ടിഫിക്കറ്റ് കോഴ്സ് : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ : 8281721358.

## ഓറിയന്റേഷൻ പ്രോഗ്രാം, ഇൻഫർമേഷൻ ഡെസ്ക് ഉദ്ഘാടനം

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ദേശീയ ലൈബ്രറി വാരാഘോഷത്തോടനുബന്ധിച്ച് തുടങ്ങുന്ന ലൈബ്രറി ഓറിയന്റേഷൻ പ്രോഗ്രാമിന്റെയും ഇൻഫർമേഷൻ ഡെസ്കിന്റെയും ഉദ്ഘാടനം പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ നിർവ്വഹിക്കും. നവംബർ 19 രാവിലെ 11 മണിക്ക് ലൈബ്രറി ഹാളിൽ നടക്കുന്ന ചടങ്ങിൽ ഡോ. ജോർജ്ജ് ഓണക്കൂർ ജീവിതം - വായന -സംസ്കാരം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് മെമ്പർ ഡോ. ലതാദേവി ഉപന്യാസ മത്സരം വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിക്കും.

## സിൻഡിക്കേറ്റ് & സെനറ്റ് മെമ്പർ

കേരള സർവകലാശാല സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കുമുള്ള അംഗമായി അഡ്വ. എ.എ. റഹിമിനെ നോമിനേറ്റ് ചെയ്തു.

## ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിൽ ഇന്റേൺഷിപ്പിന് പോസ്റ്റ് ഗ്രാജുവേറ്റ്/എം.ഫിൽ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൂടാതെ കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകർക്കും അസോസിയേറ്റ്ഷിപ്പ്, പ്രോജക്ട് എന്നിവ ചെയ്യുന്നതിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
18.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**